**A** **512**

# സമഗ്രശിക്ഷാ കേരളം
## അർധവാർഷിക മൂല്യനിർണ്ണയം 2023–2024
## മലയാളം
## അടിസ്ഥാനപാഠാവലി

ക്ലാസ് : 5 സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. ആദ്യത്തെ പ്രവർത്തനം നിർബന്ധമായും ചെയ്യണം. ബാക്കിയുള്ള അഞ്ചു പ്രവർത്തനങ്ങളിൽ നാല് എണ്ണത്തിനു ഉത്തരമെഴുതിയാൽ മതി.

### പ്രവർത്തനം 1 : വായിക്കാം, എഴുതാം

കണ്ടത്തിൽ പാറയിൽ ചെന്ന് ഇരുന്നു. ചുറ്റും തുമ്പികൾ നൃത്തം വയ്ക്കുന്നു. തുമ്പി തുള്ളൽ കേട്ടിട്ടേയുള്ളൂ... ഇത്ര മനോഹരമാണെന്നറിഞ്ഞ നിമിഷങ്ങൾ... ചെറുകാറ്റ് വീശുമ്പോൾ അവ ദൂരത്തേയ്ക്ക് പറന്നു മാറുന്നു. ഒരിടത്തുമിരിക്കാതെ അവ തുള്ളിക്കൊണ്ടേയിരിക്കുന്നു. കാറ്റിൽ അവയ്ക്ക് നൃത്തം ചെയ്യാൻ പ്രയാസമുണ്ടാവണം. അവർ അപ്രത്യക്ഷരാവുന്നു. കാറ്റു പോകുമ്പോൾ വീണ്ടും വന്ന് നൃത്തം വയ്ക്കുന്നു. പാറയിൽ കിടന്ന് ആകാശം കാണുമ്പോൾ ഇന്നേ വരെ കാണാത്ത കുഞ്ഞരിമേഘങ്ങൾ...

തിരിച്ച് നടക്കുമ്പോൾ കിഴക്ക് മലകൾ മഞ്ഞുമൂടി കിടക്കുന്നു. ഒരു ഹിമാലയൻ ദൃശ്യംപോലെ... നടന്നുനടന്ന് പാലത്തിലെത്തുമ്പോൾ സന്ധ്യ കനക്കുന്നു. സൂര്യൻ താഴുന്നു.

കണ്ണിത്തുള്ളിയിലെ പ്രപഞ്ചം - മൈന ഉമൈബാൻ

1. ചുറ്റും തുമ്പികൾ എന്തു ചെയ്യുന്നു?
   എ) പാട്ടുപാടുന്നു
   ബി) നൃത്തം വയ്ക്കുന്നു
   സി) പറന്നു പോകുന്നു
2. ഒരിടത്തുമിരിക്കാത്തത് ആരാണ്?
   എ) കിളികൾ
   ബി) മൃഗങ്ങൾ
   സി) തുമ്പികൾ
3. കുഞ്ഞരിമേഘങ്ങൾ എവിടെയാണ് കാണുന്നത്?
   എ) ആകാശത്ത്
   ബി) മനസ്സിൽ
   സി) ചിത്രങ്ങളിൽ
4. ചെറുകാറ്റ് വീശുമ്പോൾ അവ ദൂരേയ്ക്ക് പറന്നു മാറുന്നു. കാരണമെന്താവാം?
   എ) അവയ്ക്ക് കാറ്റിനെ ഇഷ്മല്ല
   ബി) കാറ്റ് വീശുമ്പോൾ പറക്കാൻ ബുദ്ധിമുട്ട് ഉള്ളതിനാൽ
   സി) കാറ്റും തുമ്പികളും സുഹൃത്തുക്കളായതിനാൽ
5. "സന്ധ്യ കനക്കുന്നു" എന്നതുകൊണ്ട് അർഥമാക്കുന്നത് എന്താണ്?
   എ) ഇരുട്ടായി തുടങ്ങുന്നു
   ബി) വെളിച്ചം വരുന്നു
   സി) ആകാശത്ത് കാർമേഘം കാണുന്നു

**പ്രവർത്തനം 2 (എ): വാങ്മയചിത്രം തയ്യാറാക്കുക**

ഒരുപാട് സ്നേഹത്തിൽ മുത്തം നൽകും
ഒരുപാട് കഥകൾ തൻ കെട്ടഴിക്കും
നാലും കൂട്ടി മുറുക്കിത്തുപ്പും
നാവിൻ നിറമത് ചോപ്പിക്കും
..............................................................
പല്ലു കൊഴിഞ്ഞ മോണകാട്ടി
പുഞ്ചിരി തൂകും മുത്തശ്ശി

ഷിജി സി.വി. എഴുതിയ കവിതയിലെ മുത്തശ്ശിയെ പരിചയപ്പെട്ടില്ലേ?

നിങ്ങൾക്കറിയാവുന്ന ഒരു മുത്തശ്ശിയുടെ ഏതെങ്കിലും ഒരു പ്രത്യേകത വിവരിച്ച് ഒരു വാങ്മയചിത്രം തയ്യാറാക്കുക.

ബി) "എന്റെ ജീവിതം അരങ്ങിലും അണിയറയിലും" എന്ന ആത്മകഥ രചിച്ചത് ആര്?
(കലാമണ്ഡലം കൃഷ്ണൻനായർ, പ്രൊഫ. എം.കെ.സാനു, അക്കിത്തം)

**പ്രവർത്തനം 3 : ജീവചരിത്രക്കുറിപ്പ്**

'ഹലോ, സുരഭീ'

"ങാ, എന്തേ മീനു?

'അക്കിത്തത്തിന്റെ ജീവചരിത്രക്കുറിപ്പ് എഴുതാൻ ടീച്ചർ പറഞ്ഞില്ലേ?'

'ആണോ. അതെങ്ങനെ എഴുതും.'

'ഏതാനും സൂചനകൾ ടീച്ചർ തന്നിട്ടുണ്ട്. അത് ഞാൻ നിനക്ക് അയച്ചുതരാം.'

'ഓ, സന്തോഷായി.'

എ) സുരഭി മീനുവിന് നൽകിയ വിവരങ്ങൾ ചുവടെ നൽകിയിട്ടുണ്ട്. ആ വിവരങ്ങളും നിങ്ങൾക്ക് അറിയുന്ന കാര്യങ്ങളും ചേർത്ത് ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

ജ്ഞാനപീഠം 2019

പത്മശ്രീ

1947 ൽ പാലിയം
സത്യഗ്രഹത്തിൽ പങ്കെടുത്തു

1926 മാർച്ച് 18
കുമരനെല്ലൂരിൽ ജനനം
പാലക്കാട് ജില്ല



ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം
വെണ്ണക്കല്ലിന്റെ കഥ
സ്പർശമണികൾ
ബലിദർശനം

ഉണ്ണി നമ്പൂതിരി മാസിക

"കടലാസു തോണികളേ,
കടലാസു തോണികളേ,
കടലോളം പോയ് വരുവിൻ
മലവെള്ളത്തിൽ"

"ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായി
ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവിലായിരം
സൗരമണ്ഡലം"

ബി) കർണ്ണനോട് കവചകുണ്ഡലങ്ങൾ ചോദിച്ചു വാങ്ങിയതാര്?
(സൂര്യൻ, യുധിഷ്ഠിരൻ, ഇന്ദ്രൻ)

**പ്രവർത്തനം 4 : വിശകലനക്കുറിപ്പ്**

"സ്വന്തം സുഖത്തിനുവേണ്ടി മാത്രം പ്രവർത്തിക്കുന്നതിന് പകരം മറ്റുള്ളവർക്ക് സുഖം കിട്ടുന്നതിനുവേണ്ടി പരിശ്രമിക്കുന്നതിനാണ് സേവനം എന്നു പറയുന്നത്."

*"അവനവനാത്മസുഖത്തിനാചരിക്കു-*
*ന്നവയപരന്നു സുഖത്തിനായി വരേണം."*

മുകളിൽ നൽകിയ ശ്രീനാരായണഗുരുവിന്റെ വചനത്തെയും കാവ്യശകലത്തെയും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**ബി)** "എട്ടിൽ ഞാൻ പഠിക്കുമ്പോൾ

ദിനപത്രവുമായിട്ടെത്തുന്നു" ആരാണ് ദിനപത്രവുമായിട്ടെത്തിയിരുന്നത്?

(അക്കിത്തം, കുട്ടിരാമമേനോൻ മാസ്റ്റർ, അബ്ദുൾ റഹ്മാൻ സാഹിബ്)

**പ്രവർത്തനം 5 : അനുഭവക്കുറിപ്പ്**

"ഒടുവിൽക്കസേരയി-
ലിരുന്നു ഗുരു; മന്ദ-
സ്മിതഗൗരവം കൊണ്ടു
ഞങ്ങളെപ്പുതപ്പിച്ചു-"

അക്കിത്തം, കുട്ടിരാമമേനോൻ മാസ്റ്ററെ അവതരിപ്പിച്ചത് നാം കണ്ടു.
ഇതുപോലെ അധ്യാപകരോടൊപ്പമുള്ള ഒരു അനുഭവം എഴുതുക.

**പ്രവർത്തനം 6 (എ): കുറിപ്പ്**

"ബന്ധുരകാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ."

വള്ളത്തോൾ

സ്വർണം കൊണ്ടുള്ള കൂടാണെങ്കിലും അതിനുള്ളിൽ അടച്ചിട്ടിരിക്കുന്ന കിളിയുടെ അവസ്ഥ ദയനീയമാണ്. സ്വാതന്ത്ര്യമില്ലാത്ത അവസ്ഥ അഭിമാനമുള്ള ആരും ആഗ്രഹിക്കുന്നില്ല. കൂട്ടിലടയ്ക്കപ്പെട്ടിരിക്കുന്ന കിളിയുടെ മനോവിചാരങ്ങൾ എന്തൊക്കെയാവും? സങ്കല്പിച്ചു നോക്കൂ. ഒരു കുറിപ്പാക്കുക.

**ബി)** "ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്" ഇത് ആരുടെ വാക്യമാണ്.

(വി.ടി. ഭട്ടതിരിപ്പാട്, അയ്യങ്കാളി, ശ്രീനാരായണഗുരു)